**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 643** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതിക്കായുള്ള ഭവന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനും ഭവനത്തിന്റെ പുനരുദ്ധാരണത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. കൂടാതെ പട്ടികജാതി വിഭാഗക്കാരുടെ ഭവനപുനരുദ്ധാരണത്തിനും നവീകരണത്തിനും പരമാവധി 2 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്ന "സേഫ്" പദ്ധതി വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതിക്കാർക്കായി അനുവദിച്ച വീടുകളിൽ പണിപൂർത്തിയാകാത്തതും പണി ആരംഭിക്കാത്തതുമായ വീടുകൾ ഉണ്ടോ; എങ്കിൽ ഈ വീടുകളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. നടപടി സ്വീകരിക്കുന്നതാണ്.

**(സി)** ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമാണത്തിന് സ്ഥലം വാങ്ങുന്നതിന് സഹായം ലഭ്യമാക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോയെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ഭൂരഹിതരായ ഭവനരഹിതർക്ക് വീട് നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും, നഗരസഭ, കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 4,50,000/- രൂപ, 6,00,000/-രൂപ എന്ന ക്രമത്തിലും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**